KSEB

# KERALA STATE ELECTRICITY BOARD LIMITED

*(Incorporated under the Companies Act, 1956)*
*Reg. Office: Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004*
CIN:U40100KL2011SGC027424 *Website:* www.kseb.in
Office of the Director (Distribution, IT & HRM)
Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004, Kerala
*Phone: +91 471 2514685, 2514331, Fax: 0471 2447228 E-mail:ddkseb@kseb.in*

D (D, IT & HRM)/ COVID 19/ 2019 – 2020/8 /                27.04.2020

## പരിപത്രം

വിഷയം :- കോവിഡ് 19 പ്രതിരോധനടപടികൾ - വൈദ്യുതി തടസ്സം പരമാവധി ഒഴിവാക്കുവാൻ വേണ്ട മാർഗ്ഗനിർദേശങ്ങൾ

സൂചന :- 1. 19.03.2020 ലെ പരിപത്രം നമ്പർ DGE/Circular/2019-2020/
2. 23.03.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020
3. 25.03.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/3
4. 22.04.2020 ലെ സർക്കാർ ഉത്തരവ് നം.എസ്.എസ് 1/91/2020/ പൊ.ഭ.വ. തീയതി, തിരുവനന്തപുരം

1. കോവിഡ്19 മഹാമാരിയുടെ കാലത്ത് എല്ലാ വെല്ലുവിളികളെയും തരണംചെയ്ത് വൈദ്യുതിവിതരണം സുഗമമായി നടത്തുവാൻ അക്ഷീണം പരിശ്രമിച്ച എല്ലാ ജീവനക്കാരെയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

2. വേനൽമഴയോടനുബന്ധിച്ചുള്ള വൈദ്യുതിതടസ്സങ്ങൾ ചില പ്രദേശങ്ങളിൽ വ്യാപകമായി സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ അറിയിപ്പ് പ്രകാരം 30.04.2020 തോട്ടുകൂടി ദക്ഷിണആൻഡമാൻ കടലിൽ ഒരു ന്യൂനമർദ്ദം രൂപപ്പെട്ടുവെന്നും അതിനോടനുബന്ധിച്ച് കേരളത്തിൽ ശക്തമായ മഴയും മോശം കാലാവസ്ഥയും സാധ്യതയുണ്ടെന്നും പ്രവചിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് ഉണ്ടാകാനിടയുള്ള വൈദ്യുതതടസ്സം പരമാവധി കുറയ്ക്കുവാനായി, മുൻകാലങ്ങളിലേക്കാൾ ശ്രദ്ധയോട്ടുകൂടി ജീവനക്കാർ എല്ലാവരും തന്നെ ആത്മാർത്ഥമായി പരിശ്രമിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

ഇതിനായി, ലോക്ക് ഡൗൺ കാലയളവിൽ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി രൂപീകരിച്ച പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സർക്കിൾതല കൺട്രോൾറൂമുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്. സബ്ഡിവിഷൻ/ ഡിവിഷൻ/സർക്കിൾതലത്തിലുള്ള എല്ലാ ഓഫീസർമാരും വൈദ്യുതി തടസങ്ങൾ കൃത്യമായി അവലോകനം ചെയ്യേണ്ടതും സർക്കിൾതല കൺട്രോൾ

റൂമുകളുമായിട്ടുള്ള പ്രവർത്തനം ഏകോപിപ്പിച്ച് വൈദ്യുതതടസ്സം പരമാവധി വേഗത്തിൽ പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സുരക്ഷാ നിർദേശങ്ങൾ കൃത്യമായി പാലിച്ച് കൊണ്ട്, വൈദ്യുതിതടസ്സം പരമാവധി കുറയ്ക്കുവാനും തന്മൂലം ഈ കോവിഡ് കാലത്തു ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാനും ജീവനക്കാർ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്.

3. സർക്കിൾതല കൺട്രോൾ റൂമുകളുടെ പ്രവർത്തനം ചീഫ് എഞ്ചിനീയർ തലത്തിൽ നിരീക്ഷിക്കുകയും വൈദ്യുതതടസ്സങ്ങൾ പരമാവധി വേഗത്തിൽ പരിഹരിക്കുന്നുണ്ടെന്നു ഉറപ്പ് വരുത്തേണ്ടതുമാണ്. വേനൽമഴ മൂലമുണ്ടാകുന്ന വൈദ്യുതി തടസ്സങ്ങളെ സംബന്ധിച്ചുള്ള സർക്കിൾതല റിപ്പോർട്ട് എല്ലാ ആഴ്ചയിലും ചെയർമാൻ & മാനേജിങ്ങ് ഡയറക്ടറുടെ ഓഫീസിലേക്കും വിതരണവിഭാഗം ഡയറക്ടറുടെ ഓഫീസിലേക്കും അതാതു ചീഫ് എഞ്ചിനീയർമാർ ഇമെയിൽ മുഖേന ലഭ്യമാക്കേണ്ടതാണ്.

4. ലോക്ക് ഡൗൺ കാലയളവിൽ, ഔദ്യോഗിക ആവശ്യങ്ങൾക്കായി പോകുന്ന കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ജീവനക്കാരെ തിരിച്ചറിയൽ രേഖ ഹാജരാക്കിയിട്ടും ചില സ്ഥലങ്ങളിലെങ്കിലും തടയുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു ഒഴിവാക്കാനായി,ജീവനക്കാരന്റെ ഡ്യൂട്ടിച്ചുമതല നൽകികൊണ്ടുള്ള ഉത്തരവോ സർട്ടിഫിക്കറ്റോ എല്ലാ ഓഫീസ്/ARU മേധാവികളും ജീവനക്കാർക്ക് നൽകേണ്ടതാണ്. ഇതിനായി ഡ്യൂട്ടി നൽകിയിട്ടുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും തൊഴിലാളികളുടെയും പേര്, പദവി, തിരിച്ചറിയൽ നമ്പർ, ഡ്യൂട്ടി തീയതി എന്നിവ ഉൾക്കൊള്ളിച്ച് ഒരു ഉത്തരവ്, ARU head/AEE /AE നൽകേണ്ടതും ഇത് ജീവനക്കാർ പോലീസ് ഉദ്യോഗസ്ഥനെ കാണിക്കേണ്ടതുമാണ്.തിരിച്ചറിയൽരേഖയോടൊപ്പം പ്രസ്തുതരേഖ ഹാജരാക്കിയതിനു ശേഷവും ജീവനക്കാർക്ക് ഔദ്യോഗിക ആവശ്യങ്ങൾക്കായുള്ള യാത്രകളിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെങ്കിൽ അത് ബന്ധപ്പെട്ട ബോർഡ് ഡയറക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

Sankumar

**ചെയർമാൻ & മാനേജിങ്ങ് ഡയറക്ടർ**

എല്ലാ വകുപ്പ് മേധാവികൾക്കും